"ഭരണഭാഷ ,മാതൃഭാഷ"

നമ്പർ S2/ 102299/MSCST/2019-20/കോ:വി:വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം,
തീയതി: 24/7/19

## വിഞ്ജാപനം

കേരളത്തിലെ പ്രൈമറി/സെക്കൻഡറി ഹൈസ്ക്കൂൾ അദ്ധ്യാപകരുടെ മക്കളായ വിദ്യാർത്ഥികൾക്ക് 2019-20 അദ്ധ്യയന വർഷത്തേയ്ക്ക് മെറിറ്റ് സ്കോളർഷിപ്പിനുള്ള പുതിയത്/പുതുക്കൽ അപേക്ഷകൾ ഓൺലൈനായി ക്ഷണിച്ചുകൊള്ളുന്നു.

എസ്.എസ്.എൽ.സി/ഹയർ സെക്കൻഡറി അഥവാ തത്തുല്യ പരീക്ഷയിൽ 60% കുറയാതെ മാർക്ക് വാങ്ങി വിജയിച്ച ശേഷം ഏതെങ്കിലും സർക്കാർ/സർക്കാർ അംഗീകൃത/ഹയർ സെക്കൻഡറി സ്കൂളുകളിലോ/ആർട്ട്സ് & സയൻസ് കോളേജുകളിലോ ഒന്നാം വർഷ ക്ലാസ്സുകളിൽ പ്രവേശനം നേടിയവർക്കും രക്ഷാകർത്താക്കളുടെ ആകെ കുടുംബ വാർഷിക വരുമാനം 1,00,000/- (ഒരു ലക്ഷം)ഃ രൂപയിൽ കവിയാത്തവരുമായ പ്രൈമറി/സെക്കൻഡറി സ്കൂൾ അദ്ധ്യാപകരുടെ മക്കൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in -ൽ Merit Scholarship to the Children of Primary/Secondary School Teachers (MSCST) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈനായി സമർപ്പിക്കാം.

1. **യോഗ്യതകൾ**

- എസ്.എസ്.എൽ.സി (SSLC) യോ തത്തുല്യ പരീക്ഷയോ/ഹയർ സെക്കൻഡറി പരീക്ഷയോ പാസായിരിക്കണം.

- അപേക്ഷകർ 2019-20 അദ്ധ്യയന വർഷത്തിൽ +1 നോ അല്ലെങ്കിൽ ഡിഗ്രി ഒന്നാം വർഷത്തിലോ കേരളത്തിലെ സർക്കാർ/സർക്കാർ അംഗീകൃത സ്കൂളുകളിലോ കോളേജുകളിലോ ചേർന്ന് പഠിക്കുന്നവരായിരിക്കണം.
- അപേക്ഷകർ സർക്കാർ/സർക്കാർ അംഗീകൃത സ്കൂളിലെ പ്രൈമറി/സെക്കൻഡറി അദ്ധ്യാപകരുടെ മക്കൾ ആയിരിക്കണം.

## 2. സ്കോളർഷിപ്പ് തുകയും എണ്ണവും

| കോഴ്സ് | സ്കോളർഷിപ്പുകളുടെ എണ്ണം | സ്കോളർഷിപ്പ് തുക |
|---|---|---|
| പ്ലസ് വൺ | 38 | Rs.50/-PM |
| ബിരുദം | 3 | 1st Year Rs.50 PM |
| ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് സ്കോളർഷിപ്പിനൊപ്പം പ്രതിമാസം Rs.25/- വീതം കൂടുതലായി നൽകുന്നതാണ്. | | |

## 3. വരുമാന പരിധി

പ്രൈമറി/സെക്കൻഡറി അധ്യാപരുടെ കുടുംബ വരുമാനം (ഒരു ലക്ഷം) 100000/- കവിയാൻ പാടില്ല.

## 4. വരുമാന പരിധി കണക്കാക്കുന്ന രീതി

- അടിസ്ഥാന ശമ്പളത്തോടുകൂടി മറ്റ് വരുമാനം ഉണ്ടെങ്കിൽ അവ കൂടി ചേർത്താണ് വാർഷിക വരുമാനം കണക്കാക്കേണ്ടതാണ്.
- എന്നാൽ അടിസ്ഥാന ശമ്പളത്തിന്റെ 25% സ്റ്റാൻഡേർഡ് കിഴിവും PF/LIC കോൺട്രിബ്യൂഷന് എന്നിവ പരിഗണിച്ച് പരമാവധി 30% കിഴിവും അനുവദനീയമാണ്. (യഥാർത്ഥ തുക അല്ലെങ്കിൽ 30% ഏതാണ് കുറവ് അത് പരിഗണിക്കും).

- സ്ഥാപനമേധാവിയിൽ നിന്നുള്ള ശമ്പള സാക്ഷ്യപത്രം (PF/LIC എന്നിവയ്ക്കുള്ള കിഴിവ് വ്യക്തമായി കാണിക്കുന്ന തരത്തിലുള്ളത്) അപേക്ഷയോടൊപ്പം ഹാജരാക്കണം.

5.<u>ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ</u>

- അപേക്ഷകർക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, SBI, Federal Bank, South Indian Bank എന്നിവയിൽ ഏതെങ്കിലും ബാങ്കിൽ സ്വന്തം നേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.
- ബാങ്ക് അക്കൗണ്ട് ആധാർ നമ്പരുമായി ലിങ്ക് ചെയ്തിരിക്കണം.
- അറ്റ് ഏതെങ്കിലും സ്കോളർഷിപ്പോ/ഫീസാനുകൂല്യങ്ങളോ കൈപ്പറ്റുന്നവർ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.
- വരുമാന സർട്ടിഫിക്കറ്റിനോടൊപ്പം ഡിക്ലറേഷൻ ഉൾപ്പെടുത്തേണ്ടതാണ്.

6) അപേക്ഷിക്കേണ്ട രീതി

**(എ) പുതിയ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്,**

1 ഇതിനായി **www.dcescholarship.kerala.gov.in** എന്ന വെബ് സൈറ്റിൽ Merit Scholarship to the children of primary/secondary school Teachers(MSCST) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) Apply online-ൽ ക്ലിക്ക് ചെയ്യുക.

3) മറ്റ് സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ candidate login ചെയ്യുക.

4) അല്ലെങ്കിൽ New registration –ൽ ക്ലിക്ക് ചെയ്ത് submit ചെയ്യുക.

5) സ്കോളർഷിപ്പ് പേജിൽ MSCST എന്ന Tab-ൽ ക്ലിക്ക് ചെയ്യുക.

6) കുടുംബവാർഷിക വരുമാനം പൂരിപ്പിക്കുക.

7) നൽകിയ വിവരങ്ങൾ ശരിയെങ്കിൽ വീണ്ടും submit ക്ലിക്ക് ചെയ്യുക

**(ബി) പുതുക്കൽ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.**

1) ഇതിനായി www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ merit scholarship to the children of primary/secondary/school teachers (MSCST) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) തുടർന്ന് വലതുഭാഗത്തെ Renewal Button ക്ലിക്ക് ചെയ്യുക. തുടർന്ന് Institution Selection ചെയ്യുക.

3)ഇപ്പോൾ പഠിക്കുന്ന കോഴ്സിൽ ചേർന്ന വർഷവും വിദ്യാർത്ഥിയുടെ പേരും select ചെയ്യുക.

4) Renewal ID Enter ചെയ്യുക ( Renewal ID ആവശ്യമെങ്കിൽ Institution നെ ബന്ധപ്പെടുക.

5) തുടർന്ന് submit ക്ലിക്ക് ചെയ്യുക.

online-ലൂടെ അപേക്ഷ നൽകിയതിനുശേഷം view/print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

1.രജിസ്ട്രേഷൻ ഫോമിന്റെ Print Out ന്റെ ഭാഗം 5-ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥികൾ ഇപ്പോൾ പഠിക്കുന്ന സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

2.വിദ്യാർത്ഥികൾ സമർപ്പിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിന്റ് ഔട്ടും ഓൺലൈൻ വഴി സ്ഥാപനമേധാവിയോ, അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ് (Verification ).

3.സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി പ്രിൻസിപ്പാളോ/യൂണിവേഴ്സിറ്റികളിലെ വകുപ്പുമേധാവികളോ ഓൺ ലൈൻ വഴി അംഗീകരിച്ചിരിക്കണം (Approval).

4.അപേക്ഷകൾ അതാത് സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനക്ക് ഇവ വിധേയമാക്കേണ്ടതാണ്.

## 7) <u>സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ</u>

a) അപേക്ഷകന്റെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റ് ഔട്ട്

b) എസ്.എസ്.എൽ.സി.മാർക്ക് ലിസ്റ്റിന്റെ സ്വയം ~~ഗസറ്റഡ് ഓഫീസർ~~ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

c) അദ്ധ്യാപകരായ രക്ഷാ കർത്താവിന്റെ വരുമാനം അനുവദനീയമായ കിഴിവുകൾ കഴിഞ്ഞ് (ഒരു ലക്ഷം രൂപ) 100,000/-യിൽ കവിയാത്ത ശമ്പള സാക്ഷ്യപത്രം പൂരിപ്പിച്ചത്.

d) അപേക്ഷകർ 2019-20 അദ്ധ്യയന വർഷത്തിൽ +1 നോ അല്ലെങ്കിൽ ഡിഗ്രി ഒന്നാം വർഷത്തിലുളളതോ ആയ യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

## 8 <u>തെരഞ്ഞെടുപ്പ് രീതി</u>

അദ്ധ്യാപകരായ രക്ഷാകർത്താവിന്റെ വരുമാനം അനുവദനീയമായ കിഴിവുകൾ കഴിഞ്ഞ് 1,00,000/-(ഒരു ലക്ഷം) രൂപയിൽ കവിയാത്ത ശമ്പള സാക്ഷ്യപത്രങ്ങൾ ഉള്ള അപേക്ഷകൾ പരിഗണിക്കും.

9) <u>അവസാന തീയതികൾ</u>

a) ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **30/9/2019.**

b) രജിസ്ട്രേഷൻ പ്രിന്റ് ഔട്ടും മറ്റ് അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട തീയതി **1/10/19.**

c) സ്ഥാപനമേധാവികൾ സൂക്ഷ്മ പരിശോധനകൾക്ക് ശേഷം ഓൺ ലൈൻ വഴി അപേക്ഷകൾ അംഗീകരിക്കേണ്ട അവസാനതീയതി: **15/10/19.**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

എ.എം.(23-7-2019)